NO.ICPS5/20593/15

സംയോജിത ശിശു സംരക്ഷണ പദ്ധതി

സാമൂഹ്യ നീതി വകുപ്പ്,പൂജപ്പുര,തിരുവനന്തപുരം

തീയതി: 27.02.2017

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ഐസിപിഎസ്–ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ ഔട്ട് റീച്ച് വർക്കർമാരെ നിയമിക്കുന്നതിന് സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

പരാമർശം:-17.01.2017 ന് നടന്ന SCPS എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ41 ാം മത്തെ തീരുമാനം

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിൽ രണ്ടു ഔട്ട് റീച്ച് വർക്കറെ വീതം നിയമിക്കുന്നതിനു അനുവാദമുണ്ട്.SCPS ന്റെ 17.01.2017 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഔട്ട് റീച്ച് വർക്കറെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുകയും ചെയ്തു.ICPS മാർഗ്ഗരേഖ പ്രകാരം ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ മറ്റു കരാർ ജീവനക്കാരെ നിയമിച്ച അതേ നടപടികൾ തന്നെ ഔട്ട് റീച്ച് വർക്കർമാരെ നിയമിക്കുന്നതിനും സ്വീകരിക്കേണ്ടതാണ്.

**യോഗ്യതാ മാനദണ്ഡങ്ങൾ**

- **അപേക്ഷകൻ പ്ലസ്ടു പാസ്സായിരിക്കണം**
- 01.01.2017 ന് 36 വയസ്സ് കവിയാൻ പാടില്ല
- **ജെ.ജെ ഹോമുകളിൽ നിന്ന് പുറത്തു പോയിട്ടുള്ള കുട്ടികൾക്ക് മുൻഗണന നൽകേണ്ടതാണ്.**

- ✓ **15.03.2017** നു മുൻപ് കമ്മിറ്റി കൂടി ആവശ്യമായ തീരുമാനങ്ങളെടുക്കേണ്ടതും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുമാണ്.
- ✓ ജില്ലാ തലത്തിൽ എഴുത്ത് പരീക്ഷ,ഇന്റർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
- ✓ എഴുത്ത് പരീക്ഷ,ഇന്റർവ്യൂ എന്നിവ സംബന്ധിച്ചുള്ള എല്ലാ ചുമതലകളും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ് .
- ✓ **10.04.2017** ന് മുമ്പായി നിയമന നടപടികൾ പൂർത്തീകരിക്കേണ്ടതാണ് .
- ✓ ഒരു വർഷമാണ് കരാർ നിയമനത്തിന്റെ കാലാവധി.
- ✓ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ സാമൂഹ്യ നീതി ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചു തരേണ്ടതാണ്.

**സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

പകർപ്പ്:-

1. പ്രോഗ്രാം മാനേജർ,scps
2. ICPS-4
3. സ്റ്റോക്ക് ഫയൽ